# നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ

## എരുമമുണ്ട

## വണ്ടൂർ വിദ്യാഭ്യാസ ജില്ല

## നിലമ്പൂർ ഉപജില്ല

**Ph: 04931 255366**
E-mail: erumamundanirmala@yahoo.in
Estd: 1982

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം


**അനുബന്ധം**


1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ
2. മികവുകൾ, നേട്ടങ്ങൾ
3. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
4. നിലവിലുള്ള കമ്മറ്റികൾ
5. വിദ്യാലയ മികവുകൾ ചിത്രങ്ങളിലൂടെ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ, എരുമമുണ്ട |
| 2. | വിലാസം | : എരുമമുണ്ട പി.ഒ<br>ചുങ്കത്തറ – 679334<br>ഫോൺ : 049310 255366 |
| 3. | സ്കൂൾ കോഡ് | : 11042 HSS 48045 HS |
| 4. | വിദ്യാഭ്യാസ ഉപജില്ല | : നിലമ്പൂർ |
| 5. | വിദ്യാഭ്യാസ ജില്ല | : വണ്ടൂർ |
| 6. | റവന്യൂ ജില്ല | : മലപ്പുറം |
| 7. | ബി.ആർ.സി | : നിലമ്പൂർ |
| 8. | സി.ആർ.സി | : ചുങ്കത്തറ |
| 9. | ഗ്രാമപഞ്ചായത്ത് | : ചുങ്കത്തറ (ചെമ്പൻകൊല്ലി 20-ാം വാർഡ്) |
| 10. | ബ്ലോക്ക് പാഞ്ചായത്ത് | : നിലമ്പൂർ |
| 11. | ജില്ലാ പാഞ്ചായത്ത് | : മലപ്പുറം |
| 12. | നിയമസാഭാ മണ്ഡലം | : നിലമ്പൂർ |
| 13. | ലോകസഭാമണ്ഡലം | : വയനാട് |
| 14. | താലൂക്ക് | : നിലമ്പൂർ |
| 15. | വില്ലേജ് | : കുറുമ്പലങ്ങോട് |
| 16. | ഇ-മെയിൽ | : erumamundanirmala@yahoo.in |

# 1. ആമുഖം

തിരുവിതാംകൂറിന്റെയും മലബാറിന്റെയും വിവിധ ഭാഗങ്ങളിൽ നിന്ന് കുടിയേറിയ കർഷകരും കർഷകത്തൊഴിലാളികളും പട്ടിണിയോടും മണ്ണിനോടും പടവെട്ടിയതിന്റെ ചരിത്രമാണ് എരുമമുണ്ടയുടെ ചരിത്രം. ചാലിയാറിന്റെ കൈവഴികളാൽ ചുറ്റപ്പെട്ട്, സഹ്യപർവ്വതത്തിന്റെ ഭാഗമായ ചെട്ടിയാംപാറ, ഒറ്റത്താണി എന്നീ മലകളുടെ താഴ്വാരത്തിൽ തികച്ചും ഗ്രാമീണമായ ഒരു അന്തരീക്ഷമാണ് ഈ നാടിന്. വിവിധ മതവിഭാഗങ്ങ ളിൽ പെട്ട ആളുകൾ പരസ്പരം സ്നേഹിച്ചും സഹകരിച്ചും ഒത്തൊരുമ യോടെ വസിക്കുന്നു.

തറമുറ്റം ശ്രീകൃഷ്ണക്ഷേത്രം, കല്ലായിപ്പാറ സെന്റ് തോമസ് യാക്കോബായ ദേവാലയം, പുളിയ്ക്കാട് സെന്റ് ജോർജ്ജ് ഓർത്തഡോ ക്സ് ദേവാലയം, സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയം, അൽ ബിലാൽ സുന്നി ജുമാമസ്ജിദ്, സലഫി മസ്ജിദ് എന്നിവ തീർക്കുന്ന ആദ്ധ്യാത്മിക പശ്ചാത്തലത്തിലാണ് ഈ ഗ്രാമം നിലകൊള്ളുന്നത്.

ആഢ്യൻപാറ ഇക്കോ ടൂറിസം പദ്ധതി എരുമമുണ്ടയെ കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ അടയാളപ്പെടുത്തുന്നു. ഇന്ന് വികസനത്തി ന്റെ പാതയിൽ മുന്നേറുന്ന എരുമമുണ്ടയുടെ സാമൂഹിക സാംസ്കാരിക മേഖലകളിൽ നേതൃപരമായ പങ്കുവഹിച്ചുകൊണ്ട് ഈ നാടിന്റെ തിലക ക്കുറിയായി നിർമ്മല ഹയർ സെക്കണ്ടറി സ്കൂൾ എന്ന വിദ്യാക്ഷേത്രം നിലകൊള്ളുന്നു.

# 2. ലക്ഷ്യങ്ങൾ

1) ധാർമ്മിക ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) 8-ാംതരം മുതൽ 10-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്നവിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# 3. വിദ്യാലയത്തിന്റെ ചരിത്രം

മലപ്പുറം ജില്ലയിലെ കിഴക്കൻ ഏറനാട്ടിൽ മൂന്നു വശങ്ങളും നദികളാൽ ചുറ്റപ്പെട്ട്, തികച്ചും അവികസിതമായ എരുമമുണ്ടയുടെ, ഇന്നിന്റെ എല്ലാ വികസനങ്ങളുടെയും തുടക്കം നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ ആണ്. 1982-ൽ ബത്തേരി രൂപതാദ്ധ്യക്ഷ്യൻ ഭാഗ്യസ്മരണാർഹനായ മോസ്റ്റ് റവ. ഡോ. സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത, മാനേജർ റവ. ഫാ. വർഗ്ഗീസ് മാളിയേക്കൽ എന്നിവരുടെ മഹനീയ നേതൃത്വത്തിൽ മൂന്നു ഡിവിഷനുകളുമായി വിദ്യാലയം ആരംഭിച്ചു. 1995ൽ അത് 15 ഡിവിഷനുകളായി വളർന്നു. ശ്രീ. സി.പി. തോമസ് ഹെഡ്മാസ്റ്റർ ആയി ആരംഭിച്ച വിദ്യാലയത്തിന്റെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ. ബ്ലസൻ എ.കെ. ആണ്. ശ്രീ. സെബാസ്റ്റ്യൻ, റവ. സിസ്റ്റർ മേരി ജോർജ്ജിയ, ശ്രീ. എം.സി. തോമസ്, ശ്രീമതി ത്രേസ്യാമ്മ ജോസഫ്, ശ്രീ. ടി.ജെ. ജോർജ്ജ്, വി.കെ. തോമസ് എന്നിവർ വിവിധ കാലഘട്ടങ്ങളിൽ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചു. 1998-ൽ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

പിന്നീട് റോഡുകൾ, പാലങ്ങൾ എന്നിവയും മറ്റ് ഗതാഗതസൗകര്യങ്ങളും ഈ പ്രദേശത്തിന് മറ്റ് വികസിത പ്രദേശങ്ങൾക്ക് ഒപ്പം നിൽക്കുന്നതിന് അവസരം ഒരുക്കി. 2007ൽ രജത ജൂബിലി ആഘോഷിച്ചു. തദവസരത്തിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ 8 ജൂബിലി സ്മാരക ലൈബ്രറി സ്ഥാപിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ ...... കുട്ടികളും ഹയർസെക്കൻഡറി വിഭാഗത്തിൽ ........ കുട്ടികളും ഇവിടെ പഠിക്കുന്നു. അധ്യാപക-അനധ്യാപകരായി ...... പേരും സേവനം അനുഷ്ഠിക്കുന്നു.

കലാകായിക സംസ്ഥാന രംഗങ്ങളിൽ തലത്തിൽ നിർമ്മലയുടെ താരങ്ങൾ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെക്കുന്നു. വർഷങ്ങളായി സംസ്ഥാന കബഡി, ഖോ-ഖോ ടീമുകളിൽ നമ്മുടെ കുട്ടികൾ സ്ഥിരസാന്നിധ്യമാണ്.

വിദ്യാലയത്തിന്റെ രക്ഷാധികാരി അഭിവന്ദ്യ ഡോ. ജോസഫ് മാർ തോ മസ് മെത്രാപ്പോലീത്ത, ചീഫ് കറസ്പോണ്ടന്റ് റവ. ഫാദർ ജോൺ തളിക്കു ന്നേൽ എന്നിവരുടെ ക്രിയാത്മക നേതൃത്വത്തിൽ നിർമ്മല ഹയർസെക്കൻഡറി സ്കൂൾ നല്ല നിലയിൽ മുന്നേറുന്നു.

ഒരു നാടിന്റെ പുരോഗതിയിൽ വിദ്യാഭ്യാസത്തിന്റെ പങ്കിനെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുള്ള മാനേജ്മെന്റും, അർപ്പണമനോഭാവമുള്ള അ ധ്യാപക രും, നിറഞ്ഞ മനസ്സോടെ പിന്തുണ നൽകുന്ന രക്ഷിതാക്കളും പൊതുജനങ്ങളും, പൂർവ്വവിദ്യാർത്ഥികളും ജനപ്രതിനിധികളുമെല്ലാം ഈ വിദ്യാലയത്തോടൊ പ്പം എന്നുമുണ്ട്. ഈ മലനാടിന്റെ ഭാവി കൂടുതൽ ശോഭനമാക്കിത്തീർക്കാൻ, സാമൂഹ്യ സാംസ്കാരിക വളർച്ചയ്ക്കു കരുത്തു പകരാൻ ഈ വിദ്യാലയത്തിന് തുടർന്നും സാധിക്കട്ടെ എന്ന പ്രാർത്ഥനയാണ് എല്ലാവർക്കുമുള്ളത്.

# 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ➢ ഭാഷാശേഷി വികസനം | ➢ കളിസ്ഥലം | ➢ പി.ടി.എ. ശക്തിപ്പെടുത്തൽ |
| ➢ ഗണിതശേഷി വികസനം | ➢ ചിൽഡ്രൻസ് പാർക്ക് | ➢ വിദ്യാലയ വികസന സമിതി |
| ➢ ഇംഗ്ലീഷ് പഠനപരിപോഷണം | ➢ ക്ലാസ്സ് മുറികൾ | ➢ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ➢ ശാസ്ത്രപോഷണ പരിപാടി | ➢ ഓഫീസ് മുറി | ➢ എസ്.എസ്.ജി. |
| ➢ വായനാ പരിപോഷണം | ➢ സ്റ്റാഫ് മുറി | ➢ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ➢ ലൈബ്രറി ശാക്തീകരണം | ➢ വിശ്രമമുറി | ➢ ക്ലാസ്സ് പി.ടി.എ, മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| ➢ ലബോറട്ടറി ആധുനികവത്കരിക്കൽ | ➢ കമ്പ്യൂട്ടർ റൂം | ➢ വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ. |
| ➢ പ്രതിഭാപോഷണ പരിപാടി | ➢ മൾട്ടിമീഡിയ റൂം | ➢ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ |
| ➢ നാടകക്കളരി | ➢ അസംബ്ലി ഹാൾ | ➢ റിസോഴ്സ് മാപ്പിംഗ് |
| ➢ ജൈവവൈവിധ്യപാർക്ക് | ➢ കുടിവെള്ള വിതരണം | ➢ പഠനക്കൂട്ടം |
| ➢ സാഹിത്യപോഷണപരിപാടികൾ | ➢ മാലിന്യ സംസ്കരണം | ➢ പ്രാദേശിക പി.ടി.എ. |
| ➢ പഠനയാത്രകൾ | ➢ ടോയിലറ്റ് | ➢ ഭവന സന്ദർശനം |
| ➢ സെമിനാറുകൾ | ➢ ലബോറട്ടറി | |
| ➢ കലാ-കായികമേള | ➢ ജന്മദിനത്തിനൊരു | |
| ➢ ഐ.ടി. പരിശീലനം | ➢ പുസ്തകം | |
| ➢ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | ➢ ചിത്രരചന | |
| ➢ ക്ലാസ്സ്പി.ടി.എ.സജീവമാക്കൽ | ➢ എന്റെ വീട്ടിലും | |
| ➢ സ്കൂൾ പത്രം / മാസിക | ➢ ഒരുകൃഷിത്തോട്ടം | |
| ➢ പ്രവൃത്തി പരിചയ പഠനം | ➢ എന്റെ ചെടി എനിക്കും പറയാനുണ്ട് | |
| ➢ എസ്.ആർ.ജി. ശാക്തീകരണം | ➢ ഭാഷോത്സവം | |
| ➢ ശാസ്ത്രാഭിരുചി വളർത്തൽ | ➢ ഗണിതോത്സവം | |
| ➢ പച്ചക്കറിത്തോട്ടം | ➢ മെട്രിക് മേള | |
| ➢ രചനാശില്പശാല | | |
| ➢ അഭിമുഖങ്ങൾ | | |
| ➢ മെഡിക്കൽ ക്യാമ്പ് | | |
| ➢ പോഷകാഹാര പരിപാടി | | |
| ➢ പാവനാടക പരിശീലനം / ശില്പശാല | | |
| ➢ ഒറിഗാമി ശില്പശാല | | |
| ➢ ഗണിതലാബ്, ഗണിതാന്ത രീക്ഷമൊരുക്കൽ | | |
| ➢ ഭാഷാ ലാബ് | | |
| ➢ ബാല | | |
| ➢ ബ്ലോഗ് | | |
| ➢ ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ | | |
| ➢ ദിനാചരണം | | |
| ➢ കായിക പഠനം | | |
| ➢ ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |

# നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ
**എരുമമുണ്ട**
**വണ്ടൂർ വിദ്യാഭ്യാസ ജില്ല**
**നിലമ്പൂർ ഉപജില്ല**

**Ph: 04931 255366**
E-mail: erumamundanirmala@yahoo.in
Estd: 1982


## 8. പദ്ധതി വിശദാംശങ്ങൾ

**അക്കാഡമിക് മാസ്റ്റർ പ്ലാൻ**

പ്രവർത്തനം – 1
പ്രർത്തനത്തിന്റെ പേര് : **ഇംഗ്ലീഷ് അസംബ്ലി**
ഉപമേഖല : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം – 2
പ്രർത്തനത്തിന്റെ പേര് : **ഇംഗ്ലീഷ് ഡയറി**
ഉപമേഖല : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം – 3
പ്രർത്തനത്തിന്റെ പേര് : **ഇംഗ്ലീഷ് തീയറ്റർ**
ഉപമേഖല : **ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. Skit, Conversation, Drama etc. | പ്രതിമാസ പരിപാടി | എച്ച്.എം./ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |

പ്രവർത്തനം - 4

പ്രർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം) |

പ്രവർത്തനം - 5

പ്രർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽതന്നെ ചെയ്യൽ. | 5 ദിവസം (അവധി ക്കാലം) | പി.ടി.എ. പ്രസിഡന്റ്, എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം - 6

പ്രർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ. | മാസത്തിൽ ഒന്നുവീതം | ക്ലാസ് ടീച്ചർ | പ്രതിവർഷം 10000/- (പി.ടി.എ. ഫണ്ട്) |

പ്രവർത്തനം - 7

പ്രർത്തനത്തിന്റെ പേര് : **ഇംഗ്ലീഷ് ചാറ്റിംഗ്**

ഉപമേഖല : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷ് ആശയ വിനിമയം. | മാസത്തിൽ ഒന്നുവീതം | ക്ലാസ് ടീച്ചർ | — |

പ്രവർത്തനം - 8

പ്രർത്തനത്തിന്റെ പേര് : **Translation of Malayalam Childrens books to English**
**(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)**

ഉപമേഖല : **ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം - 9

പ്രർത്തനത്തിന്റെ പേര് : **ഗ്രാമർ സ്കൂൾ**

ഉപമേഖല : **ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാപകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |

പ്രവർത്തനം - 10

പ്രർത്തനത്തിന്റെ പേര് : പ്രസംഗ തർജ്ജമ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – |

പ്രവർത്തനം - 11

പ്രർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – |

പ്രവർത്തനം - 12

പ്രർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | – |

പ്രവർത്തനം - 13

പ്രർത്തനത്തിന്റെ പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് / രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം - 14

പ്രർത്തനത്തിന്റെ പേര് : ബ്ലോക് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ.റ്റി.സി. | — |

പ്രവർത്തനം - 15

പ്രർത്തനത്തിന്റെ പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം. & പി.ടി.എ. | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം – 16
പ്രർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം., പി.ടി.എ., ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം – 17
പ്രർത്തനത്തിന്റെ പേര് : നാടകക്കളരി
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | -- |

പ്രവർത്തനം – 18
പ്രർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ
ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |

പ്രവർത്തനം - 25A

പ്രർത്തനത്തിന്റെ പേര് : ഗണിത പോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 90% എങ്കിലും ഗണിത ബോധമുള്ള കുട്ടികൾ | • ഗണിതപഠനമെന്തിന്? എന്ന് കുട്ടികൾക്ക് ബോധ്യപ്പെടുംവിധം പ്രായോഗികവും ജീവിതഗന്ധിയുമാക്കി ഗണിത ക്ലാസ്സ് മാറ്റിയെടുക്കുവാനുള്ള വിവിധ പ്രവർത്തനങ്ങൾ.<br>• നാട്ടുഗണിതം പരിചയപ്പെടുത്തൽ.<br>• സ്കൂളിൽതന്നെ തയ്യാറാക്കുന്ന വർക്ക്ബുക്ക് മാസത്തിലൊരിക്കൽ വർക്ക്ഷോപ്പ് | പ്രതിമാസ പരിപാടി | മാത്സ് ടീച്ചേഴ്സ് | -- |

പ്രവർത്തനം - 25B

പ്രർത്തനത്തിന്റെ പേര് : ഗണിത പോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകങ്ങൾക്ക് വിദഗ്ധ പരിശീലനം | • മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നതിനുള്ള ക്ലാസുകൾ.<br>• ആശയങ്ങൾക്കനുസരിച്ചു പ്രശ്നങ്ങൾ സ്വന്തമായുണ്ടാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ക്ലാസുകൾ | അവധി ദിവസങ്ങൾ | എസ്.ആർ.ജി., എസ്.എസ്.ജി. | -- |

പ്രവർത്തനം - 25C

പ്രർത്തനത്തിന്റെ പേര് : ഗണിത പോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| SSLC പരീക്ഷയിൽ ഗണിത നിലവാരം മറ്റു വിഷയങ്ങൾക്കൊപ്പമെത്തിക്കുക. | • എല്ലാ കുട്ടികൾക്കും അതത് വർഷങ്ങളിലെ ഗണിത ആശയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | മാത്സ് ടീച്ചേഴ്സ് | -- |

പ്രവർത്തനം - 28

പ്രർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ. | അവധി ദിവസങ്ങൾ | എസ്.ആർ.ജി., എസ്.എസ്.ജി. | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം - 29

പ്രർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം - 30

പ്രർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം - 31

പ്രർത്തനത്തിന്റെ പേര് : **സാമൂഹ്യ ശാസ്ത്രലാബ്**

ഉപമേഖല : **അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ട്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.ടി.എ.) |

പ്രവർത്തനം - 32

പ്രർത്തനത്തിന്റെ പേര് : **പഠനയാത്രകൾ**

ഉപമേഖല : **അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം - 33

പ്രർത്തനത്തിന്റെ പേര് : **ഡിബേറ്റ് ക്ലബ്ബ്**

ഉപമേഖല : **അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ. | 3 മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം - 37A

പ്രർത്തനത്തിന്റെ പേര് : അറബിക് സെമിനാർ

ഉപമേഖല : അറബി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അറബി എഴുതുവാനും വായിക്കുവാനും അറബിയിൽ ാംസാരിക്കമുള്ള കഴി നേടൽ | • അറബിക് സെമനാർ<br>• അറബിയിൽ ഡയറി എഴതിക്കൽ<br>• അറബിക് ന്യൂസ് പേപ്പർ വായന<br>• അറബി ക്ലാസ്സിൽ അബിയിൽ സംഭാഷണം | ആഴ്ചയിൽ 4 ദിവസം | അറബി ടീച്ചേഴ്സ് | -- |

പ്രവർത്തനം - 37
പ്രർത്തനത്തിന്റെ പേര് : **രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**
ഉപമേഖല : **അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ. | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി.) |

പ്രവർത്തനം - 38
പ്രർത്തനത്തിന്റെ പേര് : **കലാമണ്ഡലം**
ഉപമേഖല : **അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം. | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ്ബ് / കലാദ്ധ്യാപകൻ | 200000/- (എസ്.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം - 39
പ്രർത്തനത്തിന്റെ പേര് : **ചിത്രരചനാക്കളരി**
ഉപമേഖല : **അക്കാദമികം / കലാ-വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രചനാ പരിശീലനം. | മദ്ധ്യവേനൽ അവധിക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം - 40
പ്രർത്തനത്തിന്റെ പേര് : **കായിക പരിശീലനം**
ഉപമേഖല : **അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകർ | 1000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം - 51

പ്രർത്തനത്തിന്റെ പേര് : **വർക്ക്ഷീറ്റ് നിർമ്മിക്കൽ**

ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ. | വായിച്ചുകഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിയേും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ. | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. | -- |

പ്രവർത്തനം - 52

പ്രർത്തനത്തിന്റെ പേര് : **സമ്മർ ഗ്രാമർ സ്കൂൾ**

ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം. | അവധി ദിവസങ്ങൾ | ഒ.റ്റി.എ., എസ്.എസ്.ജി. | -- |

പ്രവർത്തനം - 53

പ്രർത്തനത്തിന്റെ പേര് : **സമഗ്ര പോർട്ടൽ ശില്പശാല**

ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ | ഐ.ടി.@ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ ഒരുമിച്ചിരുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയ ലഭ്യതയനുസരിച്ച് പോർട്ടലിൽ അപ്ലോഡ് ചെയ്യൽ | ഓരോ ടേമിലും ഒരു പ്രാവശ്യം | എസ്.ആർ.ജി. | -- |

## 9. പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## 10. മോണിറ്ററിംഗ് രീതി

- ഉദ്യോഗതലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം./പ്രിൻസിപ്പാൾ, എസ്.ആർ.ജി. കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഭിന്നശേഷി സൗഹൃദ വിദ്യാലയം

- ക്ലാസ് മുറികളിലേക്ക് എത്തുന്നതിന് ആവശ്യമായ റാമ്പുകൾ തയ്യാറാക്കുന്നു.
- ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നു.
- പ്രത്യേക ഇരിപ്പിടങ്ങൾ തയ്യാറാക്കുന്നു.
- ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.
- ഐ.ടി. അധിഷ്ഠിത സാങ്കേതിക പരിശീലനം നൽകുന്നു.

## വിജയ സ്പർശം

- 8, 9 ക്ലാസുകളിലെ ഭാഷാ, ഗണിതം, സോഷ്യൽ സയൻസ് വിഷയങ്ങളിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പദ്ധതി. മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചത്. സ്കൂൾ തലത്തിൽ തുടരുന്നു.

# 11. ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്ര സക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വ മുള്ളവനാക്കുന്ന മഹാപ്രകിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാ ര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്ന തിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംര ക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാ ണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കു ന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു. ഏവരുടെയും നിർലോഭമായ സഹായ സഹകരണ ങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

# 12. നന്ദിയുടെ ഒരുവാക്ക്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവുറ്റ വിദ്യാലയസൃഷ്ടിക്കായി സമൂഹ പങ്കാളിത്തത്തോടുകൂടിയ വി ദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് സഹായകമായ ഈ അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ചിന്തകൊണ്ടും അദ്ധ്വാനംകൊണ്ടും സഹായിച്ച, സഹകരിച്ച ഏവർക്കും ആദരപൂർവ്വം കൃതജ്ഞത അർപ്പിക്കുന്നു.

# നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ
## എരുമമുണ്ട
## വണ്ടൂർ വിദ്യാഭ്യാസ ജില്ല
## നിലമ്പൂർ ഉപജില്ല

**Ph: 04931 255366**
E-mail: erumamundanirmala@yahoo.in
Estd: 1982

# അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവ വൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ
3. കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
4. നിലവിലുള്ള കമ്മിറ്റികൾ
5. വിദ്യാലയ മികവുകൾ ചിത്രങ്ങളിലൂടെ